"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ്-സ്കൂൾ ഉച്ചഭക്ഷണ പദ്ധതി -സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്ത് വരുന്ന പാചകത്തൊഴിലാളികൾക്ക് 2023 ജൂൺ , ജൂലൈ , ആഗസ്റ്റ് മാസങ്ങളിലെ വേതനത്തിന്റെ സംസ്ഥാന അധിക വിഹിതം - പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർഅനുവദിച്ചുകൊണ്ടും ആയത് റിലീസ് ചെയ്ത്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.4327/2023/GEDN തീയതി,തിരുവനന്തപുരം, 27-07-2023

---

പരാമർശം:-
1. G.O(Ms)No.149/2021/GEDN dated 23/6/2021
2. സ.ഉ.(സാധാ)നം.3636/2023/പൊ.വി.വ തീയതി .19.06.2023.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.07.2023-ലെ എൻ.എം.എ3/7802/2023/ഡി.ജി.ഇ നമ്പർ കത്ത്

<u>ഉത്തരവ്</u>

കേന്ദ്ര -സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള സ്കൂൾ ഉച്ചഭക്ഷണ പദ്ധതി , PFMS (Public Financial Management System) വഴി കൈകാര്യം ചെയ്യുന്നതിനായി സംസ്ഥാന നോഡൽ ഏജൻസിയായി (State Nodal Agency) പൊതുവിദ്യാഭ്യാസ ഡയറക്ടറെ നിയോഗിച്ചുകൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) 2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടത്തിപ്പിനായി 569.64 കോടി രൂപയുള്ള ഭരണാനുമതി നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 2202-01-112-90-01-Plan(Central Share) എന്ന കണക്ക് ശീർഷകത്തിൽ 225 കോടി രൂപയുടെയും , 2202-01-112-90-02-Plan(State Share) എന്ന കണക്ക് ശീർഷകത്തിൽ 150 കോടി രൂപയുടെയും , 2202-01-112-89 -Plan(Mid Day Meal Scheme State Additional Assistance) എന്ന കണക്ക് ശീർഷകത്തിൽ 194.64 കോടി രൂപയുടെയും ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്.

3) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന 13611 പാചകത്തൊഴിലാളികൾക്ക് 2023 ജൂൺ , ജൂലൈ , ആഗസ്റ്റ് മാസങ്ങളിലെ വേതനത്തിന്റെ സംസ്ഥാന അധിക വിഹിതം നൽകുന്നതിനായി ആകെ 50,12,25,075/- (അൻപത് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി എഴുപത്തിയഞ്ച് രൂപ) രൂപ ചെലവ് വരും എന്നും പ്രസ്തുത തുക പദ്ധതി നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 2202-01-112-89-സംസ്ഥാന അധിക സഹായം എന്ന കണക്ക് ശീർഷകത്തിൽ നിന്നും സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് (SNA) ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ, പരാമർശം (3) -ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു .

4) 2023-24 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം നാളിതു വരെ ലഭ്യമായിട്ടില്ലായെങ്കിലും പാചകത്തൊഴിലാളികളുടെ വേതനത്തിനായുള്ള സംസ്ഥാന അധിക വിഹിതം SNA യിലേക്ക് ലഭ്യമാക്കി വേതനത്തിലെ സംസ്ഥാന അധിക വിഹിതം താമസംവിന പാചകത്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും നടപ്പ് സാമ്പത്തിക വർഷം മുതൽ കേന്ദ്ര സംസ്ഥാന വിഹിതങ്ങളിൽ നിന്നും പാചക തൊഴിലാളികളുടെ വേതന ഇനത്തിൽ 1000 രൂപ മാത്രവും, ശേഷിക്കുന്ന വേതനം സംസ്ഥാന അധിക വിഹിതത്തിൽ നിന്നും തന്നെ നൽകേണ്ടി വരും എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന 13611 പാചകത്തൊഴിലാളികൾക്ക് 2023 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ വേതനത്തിന്റെ സംസ്ഥാന അധിക വിഹിതം നൽകുന്നതിനായി ആകെ 50,12,25,075/- (അൻപത് കോടി പന്ത്രണ്ട് ലക്ഷത്തി ഇരുപത്തിഅയ്യായിരത്തി എഴുപത്തിയഞ്ച് രൂപ) 2202-01-112-89-സംസ്ഥാന അധിക സഹായം എന്ന കണക്ക് ശീർഷകത്തിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിലുള്ള സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് (SNA- 110010886976, Canara Bank, Vazhuthacaud Branch, Thiruvananthapuram Circle IFSC:- CNRB0002607) അനുവദിച്ചുകൊണ്ടും പ്രസ്തുത തുക റിലീസ് ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീലത ആർ എസ്

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് )കേരളം ,തിരുവനന്തപുരം .

അക്കൗണ്ടന്റ് ജനറൽ (എ &ഇ )കേരളം ,തിരുവനന്തപുരം .

ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (U.O(R) EDN-A2/173/2023-FIN dated.25.07.2023)

വിവര പൊതു ജന സമ്പർക്ക(വെബ് &ന്യൂ മീഡിയ )വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ,KITE ,തിരുവനന്തപുരം (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Namitha T
Date: 27-07-2023 16:30:20

ബഹു .പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ യ്ക്ക്

പൊതു വിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി .എ യ്ക്ക്